തുണിവില ക്രമാതീതമായി വർദ്ധിച്ചുവരുന്നതിനെ തടയാൻ ഗവണ്മെൻറ് എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ ?

HON'BLE MR. A. THANU PILLAI : ഉണ്ട്. അതിനെ സംബന്ധിച്ച് ഒരു സംഗതി അറിയിച്ചാൽ കൊള്ളാമെന്ന് എനിക്കാഗ്രഹമുണ്ട്. തുണി കിട്ടുന്നില്ല. വില വളരെ കൂടുതലാണ്. ഇവയെ സംബന്ധിച്ച് ആലോചന നടത്തുന്നതിനായി ഇവിടെ നിന്നും ടെക് സ്റ്റൈൽ കമ്മീഷണരെ ബാംബെയിലയച്ചു. ഇൻഡ്യൻ ടെക സ്റ്റൈൽ കമ്മിഷണറുമായി തുണിക്ഷാമം കുറയ്ക്കുന്നതിന് എന്തു മാർഗ്ഗമുണ്ടെന്നു അന്വേഷിച്ചു. തൽഫലമായി അഞ്ഞൂറു ബെയിൽ കോറായും മൂവായിരം ബെയിൽ നൂലും ന്യായമായ വിലയ്ക്കു നമുക്കു കിട്ടുന്നതിനുവേണ്ട ഏർപ്പാട് ചെയ്തിട്ടുണ്ട്. സ്റ്റോക്ക് ഇങ്ങോട്ട് അയച്ചു തുടങ്ങിയിട്ടുണ്ട്. താമസിയാതെ ഇവിടെ വന്നുചേരുന്നതാണ്.

MR. M. MUSTAFFA : വരുന്ന തുണിയും കച്ചവടക്കാർ മുഖാന്തിരം വിതരണം ചെയ്യാനാണോ ഉദ്ദേശിച്ചിരിക്കുന്നത്.

HON'BLE MR. A. THANU PILLAI : ഇതുവരെ ഏർപ്പാട് ചെയ്തിട്ടുണ്ട്. കച്ചവടക്കാർ മുഖാന്തിരം വിതരണം ചെയ്യണോ എന്ന് അവസാനമായി തീരുമാനം ചെയ്തിട്ടില്ല. കച്ചവടക്കാർ മുഖാന്തിരം അയിരുന്നാലും വിലയ്ക്ക് ശരിയായ നിയന്ത്രണം ഏർപ്പെടുത്തുന്നതുമായിരിക്കും.

MR. PANDAVATHU SANKARA PILLAI (*Kartigapally III—General:*) ടെക്സ്റ്റൈൽ കമ്മീഷണർ ബാംബെയിൽ പോയിരുന്നപ്പോൾ കൺട്രോൾ നിരക്കനുസരിച്ച് ഏർപ്പാട് ചെയ്തിരുന്ന മുപ്പതു ലക്ഷം രൂപയുടെ ചരക്ക് മറ്റു തരത്തിൽ വിറ്റിട്ടുള്ളതായി അറിയാമോ ?

HON'BLE MR. A. THANU PILLAI : അതിന് നോട്ടീസു വേണം.

പൂത്തിച്ചക്ക കയറ്റുമതി.

85. MR. M. MUSTAFFA : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

ഈ രാജ്യത്തുനിന്നും പൂത്തിച്ചക്ക (Pine Apple) കയറ്റുമതി ചെയ്യുന്നതിന്മേൽ ഏർപ്പെടുത്തിയിരിക്കുന്ന നിരോധനം ഇന്നത്തെ പരിതസ്ഥിതികളിൽ നീക്കം ചെയ്യുകുടെ ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. THANU PILLAI : ഇന്നത്തെ ഭക്ഷ്യനിലയെ പരിഗണിച്ച് ഈ നിയന്ത്രണം നീക്കാൻ ഗവണ്മെൻറിനു സാദ്ധ്യമല്ല.

ഇലക്ട്രിസിറ്റി.

86. MR. P. NANU (*Chirayinkil II—General*) : താഴെപറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

ആറ്റുങ്ങൽ മുനിസിപ്പാലിറ്റിയിൽ ഇലക്ട്രിസിറ്റി നടപ്പാക്കുന്നതിനു കാലതാമസം നേരിട്ടുകൊണ്ടിരിക്കുന്നതു് എന്തുകൊണ്ടാണു് ?

HON'BLE MR. A. THANU PILLAI : ഈ ലൈൻ കംപ്ലീറ്റാക്കുന്നതിനു് ആവശ്യമായ സാമഗ്രികൾ കിട്ടാത്തതുകൊണ്ടാണു്.

MR. P. NANU : ഇപ്പോൾ ഗവണ്മെൻറിന്റെ കൈവശം ആവശ്യമുള്ള സാധനങ്ങൾ ഇല്ലേ ?

HON'BLE MR. A. THANU PILLAI : അതിനുപയോഗിക്കത്തക്ക സാമഗ്രികൾ ഇല്ല.

Forest Industries.

87. MR. P. T. CHACKO : Will the Honourable Minister for Industries be pleased to state;

(*a*) whether petrol is given to the Forest Industries, Travancore;

(*b*) If so what is the quantity allotted per month;

(*c*) Whether petrol is allotted separately to the vehicles used by the company; and

(*d*) If so why this duplication is permitted ?

HON'BLE MR. A. THANU PILLAI : (എ) കൊടുക്കുന്നുണ്ടു്.

(ബി) മാസംതോറും നാലായിരത്തിനും ഏഴായിരത്തിയഞ്ഞൂറിനും മദ്ധ്യേ കൊടുക്കുന്നുണ്ടു്.

(സി) കൊടുക്കുന്നില്ല.

(ഡി) ഉത്തരം ആവശ്യമില്ല.

MR. P. T. CHACKO : എഫ്. ഐ. ടി.ക്കു് കൊടുക്കുന്ന പെട്രോൾ ഏതു വാഹനങ്ങളാണു് ഉപയോഗിക്കുന്നതെന്നു് ഗവണ്മെൻറിനറിയാമോ ?

HON'BLE MR. A. THANU PILLAI : അവർക്കു് വിറകടിച്ചുകൊണ്ടുപോകുന്ന വാഹനങ്ങൾക്കു്.

LIBRARY ARCHIVES Kerala Legislative Assembly